17-5-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ 87/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ വേതനം 20% വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) തടവുകാർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ ശമ്പളക്കുടിശ്ശിക

131 (3158) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജയിൽ വകുപ്പിലെ ചപ്പാത്തി കഫറ്റീരിയ യൂണിറ്റുകളിൽ ജോലിചെയ്യുന്ന അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർക്ക് 1-4-2016 മുതൽ ശമ്പളക്കുടിശ്ശിക അനുവദിക്കണമെന്ന് നിർദ്ദേശിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജയിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന ഫുഡ് യൂണിറ്റിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് 2017-ൽ പ്രതിദിനം വേതനം 700 രൂപയായി സർക്കാർ ഉയർത്തി നൽകുകയുണ്ടായി. ജയിൽ വകുപ്പിൽ പ്രവർത്തിക്കുന്ന ഭക്ഷ്യയൂണിറ്റിൽ നിന്നുള്ള വരുമാനത്തിൽ നിന്നാണ് ഇവർക്ക് വേതനം നൽകിയിരുന്നത്. എന്നാൽ 2016 മുതൽ മുൻകാല പ്രാബല്യത്തിൽ വേതന കുടിശ്ശിക അനുവദിക്കണമെന്ന് OP (KAT) 443/2020, OP (KAT) 444/2020 എന്നീ കേസ്സുകളിൽ ബഹു.ഹൈക്കോടതി ഉത്തരവായതിനെ തുടർന്ന് ഒ.എ. 45/2020 നമ്പർ കേസ്സിലെ അപേക്ഷകരായ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ചപ്പാത്തി യൂണിറ്റിലെ 8 ദിവസ വേതന താൽക്കാലിക ജീവനക്കാർക്ക് ശമ്പള കുടിശ്ശിക (1-4-2016 മുതൽ 28-2-2017 വരെ) 2-8-2021-ന് അനുവദിച്ച് നൽകിയിട്ടുണ്ട്.

ജീവപര്യന്തം തടവുകാരുടെ വിവരങ്ങൾ

132 (3159) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ ജീവപര്യന്തം തടവുകാർ എത്രയെന്നും ഇതിൽ എത്ര പേർ കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്നുവെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ ജയിലുകളിലെ ജീവപര്യന്തം തടവുകാർ 1861 ആണ്. ഇവരിൽ 461 പേരെ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ പാർപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly